പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 231 | 28.06.2016 ൽ മറുപടിയ്ക്ക് |
|---|---|
| **പട്ടാമ്പി നിയോജക മണ്ഡലത്തിലെ അംഗൻവാടികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.മുഹമ്മദ് മുഹാസിൻ** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ (ബഹു. ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)** |
| (എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമായി ആകെ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നതെന്നും, അവയുടെ പേരും നമ്പരും ഉൾപ്പെടെ അറിയിക്കുമോ; | (എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമായി 217 അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. വിശദവിവരം അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി ഭൂമിയും കെട്ടിടവും എല്ലാത്തവ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് ; | (ബി) ഉണ്ട്. വിശദവിവരം അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാനായി ഗവൺമെന്റ് പുതുതായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്താണ് ; | (സി) ഇല്ല. നിലവിൽ NABARD, RIDF, MGNREGS, Plan Fund, Model Anganwadi എന്നീ പദ്ധതികളിൽപ്പെടുത്തി അങ്കണവാടി കെട്ടിടനിർമ്മാണം നടന്നു വരുന്നു. |
| (ഡി) അങ്കണവാടി ജീവനക്കാരുടെ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) അങ്കണവാടി ജീവനക്കാർക്ക് സേവന വേതന വ്യവസ്ഥകൾ നിലവിലില്ല. കാലകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് അങ്കണവാടി ജീവനക്കാരെ നിയമിക്കുകയും വേതനം അനുവദിക്കുകയും ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**